[ശ്രീ. പി. സി. രാഘവൻ നായർ]

പഞ്ചായത്തുകളടക്കമുള്ള, പുതുതായി രൂപീകരിക്കപ്പെട്ടതും യാതൊരു പ്രത്നന പരിചയവുമില്ലാത്ത പഞ്ചായത്തുകളെക്കൊണ്ടുള്ള പ്രവത്തനം തുടങ്ങാനും വേണ്ടി ഇതുവരെയും അവക്കു് താങ്ങും തണലുമായി നിന്നിട്ടുള്ളതു് പരിചയ മുള്ള ബ്ലാക്കു് ഡവലപ്പ്മെൻറു് ആഫീസറന്മാരായിരുന്നു. അവരെയെല്ലാം പെട്ടെന്നു സ്ഥലം മാറ്റിയതുകൊണ്ടു് ഇന്നു ഈ പഞ്ചായത്തുകളുടെ പ്രവത്തന ങ്ങളാകെ സ്തംഭനാവസ്ഥയിലിരിക്കുകയാണു്. എനിക്കു് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളതു് പുതുതായി നാടിൽ ചിലപ്പോൾ ബി. ഡി. ഓ. മാരെ ഗവ ണ്മെൻറു് തിരഞ്ഞെടുത്തിട്ടുണ്ടെന്നാണു്. അവരെയെല്ലാംതന്നെ പ്രീ എക്സ്റ്റൻഷൻ ബ്ലാക്കുകളിൽ ആദ്യമായി നിയമിക്കുവാൻ പോകുകയാണു്. അങ്ങനെ പുതിയതായി തിരഞ്ഞെടുക്കുന്ന ബ്ലാക്കു് ഡവലപ്പ്മെൻറു് ആഫീസറന്മാരെ പ്രീ എക്സ്റ്റൻഷൻ ബ്ലോക്കുകളിൽ ആദ്യമായി നിയമിക്കുക യാണെങ്കിൽ ഈ സ്റ്റേറ്റിലെ പ്രീ എക്സ്റ്റൻഷൻ ബ്ലാക്കുകളിലെ പ്രവത്തനങ്ങ ളൊന്നുംതന്നെ നടക്കുവാൻ പോകുന്നില്ല. അതു് സ്തംഭനാവസ്ഥയിലാകുവാൻ പോകുകയാണു്. അതിനുള്ള പ്രത്യേക കാരണങ്ങളും പരിചയമില്ലാത്ത പഞ്ചായത്തുകളാണു് ഈ ബ്ലാക്കു് ഏരിയായിലുള്ളതു് എന്നതാണു്. അതു കൊണ്ടു് എനിക്കൊരുകാര്യം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തുവാനു ള്ളതു് ഏതായാലും ഈ ബ്ലാക്കു് ഡവലപ്പ്മെൻറു് ആഫീസർമാക്കു് ഒരു പ്രത്യേക ഡിപ്പാർട്ടുമെൻറു് തുറക്കുന്നുവെങ്കിൽ, അവരെ ഒരു പ്രത്യേക ഡിപ്പാർട്ടുമെൻറിൻെറ കീഴിലാക്കാനാണു് ഗവണ്മെൻറുദ്ദേശിക്കുന്നതെങ്കിൽ പ്രീ എക്സ്റ്റൻഷൻ സ്റ്റേജിലുള്ള ബ്ലാക്കുകളിൽ പരിചയമുള്ള ആഫീസറന്മാരെ നിയമിക്കണമെന്നാണു് എൻെറ അഭ്യർത്ഥന. അതല്ലാതെ ഇന്നു സ്റ്റേജ്(1)-ലും സ്റ്റേജ് (2)-ലും പരിചയമുള്ള ബ്ലാക്കു് ഉദ്യോഗസ്ഥന്മാർ ഉണ്ടാകുകയും പുതിയതായി വരുന്ന ബ്ലാക്കുകളിൽ യാതൊരു പരിശീലനവും കിട്ടിയിട്ടി ല്ലാത്ത ബ്ലാക്കു ഡവലപ്പ്മെൻറു് ആഫീസർമാർ പ്രവത്തിക്കുകയും ചെയ്താൽ ഈ പ്രീ എക്സ്റ്റൻഷൻ ബ്ലാക്കുകളിലെ പ്രവത്തനങ്ങളൊന്നുംതന്നെ നടക്കാതി രിക്കുവാൻ ഇടവരും. അതുകൊണ്ടു് ഗവണ്മെൻറു് അടിയന്തിരമായി ഈ കാര്യത്തിൽ ഇടപെട്ടു് പ്രീ എക്സ്റ്റൻഷൻ സ്റ്റേജിലുള്ള ബ്ലാക്കുകളിൽ പരിചയ മുള്ള ബ്ലാക്കു് ഡവലപ്പ്മെൻറു് ആഫീസറന്മാരെ സ്റ്റേജ്(1) സ്റ്റേജ് (2) ബ്ലാക്കുകളിൽനിന്നു് ട്രാൻസ്ഫർചെയ്തു ഈ ബ്ലാക്കുകളുടെ പ്രവത്തനം തൃപ്തികരമായ നിലയിൽ നടക്കത്തക്കവിധത്തിൽ വേണ്ട നടപടികളും എടുക്കണമെന്ന കാര്യം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെടുത്താൻവേണ്ടിയാണു് ഞാൻ ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്. ഈ കാര്യത്തിൽ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ ശ്രദ്ധ പതിയുമെന്നു ഞാൻ വിശ്വസിക്കുന്നു.

Minister for Industries and Local Administration (**Shri K. A. Damodara Menon**) : Sir, I shall give the reply tomorrow.

(*ii*) *Delay in the disbursement of grants for the year* 1962-63 *to the Libraries affiliated to the Kerala Grandha Sala Sangham.*

Mr. Speaker : The hon. Chief Minister has to give a reply to the notice given by Shri E. P. Gopalan under Rule 61.

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) : ശ്രീ. ഈ. പി. ഗോപാലൻ ഉന്നയിച്ച പ്രശ്നം ഈ സംസ്ഥാനത്തെ ലൈബ്രേറികളിൽ ഒരു വലിയ ശതമാനത്തിനു് 1962–63-ലെ ഗ്രാൻറു് ലഭിക്കുകയുണ്ടായിട്ടില്ലെന്ന കാര്യമാണു്. സർ, ഈ കാര്യത്തിൽ ഗവണ്മെൻറു് എന്തോ മനപൂർവ്വമായ അനാസ്ഥ കാണിച്ചു എന്നുള്ള മട്ടിലാണു് അദ്ദേഹം സംസാരിച്ചതു്. അദ്ദേഹം ചില കണക്കുകളും ഇവിടെ പറയുകയുണ്ടായി. ആ കണക്കുകളും അത്ര ശരിയല്ല. ഈ സംസ്ഥാനത്തെ ലൈബ്രേറികൾക്കു് ഗ്രാൻറു കൊടുക്കുന്നതിനു് ഒരു വ്യവസ്ഥ ഗവണ്മെൻറു് അംഗീകരിച്ചിട്ടുണ്ടു്. ഗ്രന്ഥശാലാസംഘത്തിൻെറ പ്രതിനിധികളും മറ്റു ചിലരും ഉൾപ്പെടുന്ന ഒരു കമ്മിറ്റി എല്ലാ ലൈബ്രേറികളും സന്ദർശിച്ചു് അവക്കു് നേരത്തെ കിട്ടിയ തുക വേണ്ടവണ്ണം ചെലവാക്കിയിട്ടുണ്ടോ എന്നുള്ള

LIBRARY ARCHIVES Kerala Legislative Assembly

സംഗതിയും, ലൈബ്രറി തുടർന്നുകൊണ്ടുപോകുന്നുണ്ടോ എന്നുള്ള സംഗതിയും മറ്റു മുറപ്രകാരം നടത്തുന്നതിനാവശ്യമായ എല്ലാ കാര്യങ്ങളും ആ ലൈബ്രറികളുടെ അധികൃതർ സ്വീകരിച്ചിട്ടുണ്ടോയെന്നും ബോദ്ധ്യമായി റിപ്പോർട്ട് ചെയ്യുന്നതിനെ അടിസ്ഥാനമാക്കി അവർ നിശ്ചയിക്കുന്ന ഗ്രഡേഷൻ പരിശോധിച്ച് അതനുസരിച്ച് ഗ്രാൻറു കൊടുക്കുകയാണ് ഇതുവരെ ഗവണ്മെൻറ് സ്വീകരിച്ചിട്ടുള്ള വ്യവസ്ഥ. 1962-63 വർഷത്തിലും ഈ പരിപാടി സ്വീകരിക്കുകയുണ്ടായി. അതിനുമുമ്പ് കുറേയേറെ കുടിശ്ശികകൾ ഉണ്ടായിരുന്നു. അതിനുമുൻപിലത്തെ വർഷത്തിൽ സമയത്തിനു ഗ്രാൻറു കൊടുക്കാൻ സാധിക്കാതെവന്ന ചില സാഹചര്യമുണ്ടായിരുന്നു. ഞാൻ ഈ വകുപ്പിൻറെ ചാർജ്ജ് ഏറ്റെടുത്തതു് 1962–63 –ലാണ്. ചാർജ്ജ് ഏറ്റെടുത്തു കഴിഞ്ഞയുടനെതന്നെ ഇതേപ്പറ്റി അന്വേഷിക്കുകയും ഗ്രഡേഷൻ നിശ്ചയിക്കുന്നതിനുള്ള കമ്മിറ്റിയെ നിയമിക്കുകയും ചെയ്തു. ആ കമ്മിറ്റി അവരുടെ റിപ്പോർട്ട് 1963 ജനുവരി മാസം 15-ാം തീയതിക്കുമുൻപു് ഗവണ്മെൻറിനു് കൊടുക്കണമെന്നു് പ്രത്യേകം നിർദ്ദേശിച്ചിരുന്നു. ആ റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ ഡിപ്പാർട്ടുമെൻറു നടത്തേണ്ട പരിശോധനകളും നടത്തിയതിനുശേഷം ഫെബ്രുവരിമാസത്തിൽതന്നെ മിക്കവാറും ഗ്രാൻറുവിതരണം ചെയ്യണമെന്നായിരുന്നു മിനിസ്റ്റർ എന്നുള്ള നിലയിൽ ഞാൻ കൊടുത്തിരുന്ന നിർദ്ദേശം. എന്നാൽ ഈ ഗ്രഡേഷൻ കമ്മിറ്റിക്കാരുടെ കയ്യിൽനിന്നു് റിപ്പോർട്ട് സമയത്തിനു് കിട്ടിയില്ല. സമയത്തിനു് റിപ്പോർട്ട് സാദ്ധ്യമല്ലെന്നുകണ്ടപ്പോൾ അവർ പരിശോധിച്ചിടത്തോളമുള്ള ലൈബ്രറികളെ സംബന്ധിച്ചു് അപ്പോഴപ്പോൾ റിപ്പോർട്ടു കൊടുക്കാനായി നിർദ്ദേശം കൊടുത്തു. അങ്ങനെ അഞ്ചാറു തവണയായിട്ടാണു് ലൈബ്രറികളെ സംബന്ധിക്കുന്ന വിവരങ്ങൾ യഥാർത്ഥത്തിൽ അവർ കൊടുത്തതു്. ആ വിവരങ്ങളെ അടിസ്ഥാനമാക്കി അപ്പോഴപ്പോൾ തന്നെ പരിശോധന നടത്തി ഗവണ്മെൻറു് ഉത്തരവുകൾ പുറപ്പെടുവിച്ചു.

സർ, ഗവണ്മെൻറു് മനഃപൂർവ്വമായിട്ടു് ഈ സാമ്പത്തികവർഷത്തിൽതന്നെ ഗ്രാൻറു മുഴുവൻ കൊടുക്കണമെന്ന കരുതിയാണു് ഉത്തരവു പുറപ്പെടുവിച്ചതു്. 20–3–63, 23–3–63, 24–3–63, 25–3–63 ഇങ്ങനെ നാലു ദിവസങ്ങളിലായി 1033 ലൈബ്രറികൾക്കു് ഗ്രാൻറു കൊടുക്കുന്നതിനുള്ള ബില്ലുകൾ പാസ്സാക്കി അയച്ചു. അതിൽ അപൂർവ്വം ചില ലൈബ്രറികൾക്കു് ഇൻറിമേഷൻ കിട്ടിയിട്ടില്ലെന്നു് ശ്രീ. ഗോപാലൻ പറഞ്ഞതു ശരിയാണു്. പക്ഷേ ഡിപ്പാർട്ടുമെൻറു് ചെയ്യേണ്ടതെല്ലാം ചെയ്തു, സാധാരണ ഗതിയിൽ ഡി. ഇ. ഓ.മാർ—20 ഡി. ഇ. ഓ.മാരുണ്ടു്—കൌണ്ടർസൈൻ ചെയ്തു് ബില്ലു് അയയ്ക്കണമെന്ന വ്യവസ്ഥ പാലിക്കാൻ വിഷമമായതുകൊണ്ടു് ഡയറക്ടർ ആഫീസിലെ അഡ്മിനിസ്ട്രേറ്റീവു് ആഫീസർക്കു് പ്രത്യേക അധികാരം കൊടുത്തിട്ടുണ്ടു്. എന്നിട്ടും എല്ലാവർക്കും ബില്ലു കൊടുക്കാൻ സാധിച്ചിട്ടില്ല. ബില്ലു കിട്ടിയ എല്ലാ ആളുകൾക്കും ക്യാഷു് ചെയ്യാനും സാധിച്ചില്ല. ഇതിൻറെ പ്രധാനമായ കുഴപ്പം ഗവണ്മെൻറിൽനിന്നു് ഉണ്ടായതല്ല. കാലതാമസം വന്നതു് ഗ്രഡേഷൻ കമ്മിറ്റിയുടെ റിപ്പോർട്ട മൂലമാണു്. പിന്നീടു് അതിനെത്തുടർന്നു് ഗവണ്മെൻറു് വേണ്ട നടപടികളും എടുക്കുകയും 62-63–ലെ ഗ്രാൻറു് അടുത്ത സാമ്പത്തികവർഷം അതായതു് 63–64–ൽ കൊടുക്കുകയും ചെയ്തു. അങ്ങനെ 1242 ലൈബ്രറികൾക്കുകൂടി ഗ്രാൻറു കൊടുത്തിട്ടുണ്ടു്. ഇങ്ങനെ മൊത്തം 2275 ലൈബ്രറികൾക്കു് 62–63-ലെ ഗ്രാൻറു കൊടുത്തുകഴിഞ്ഞിട്ടുണ്ടു്. ഇനിയും അപൂർവ്വം ചിലതു് ബാക്കിവരുന്നതു് ഇത്തരത്തിലുള്ള സാങ്കേതിക തടസ്സങ്ങൾ ഉള്ളതു മാത്രമാണു്. ആ തടസ്സങ്ങൾ നീക്കി എത്രയും വേഗം ഗ്രാൻറു കൊടുക്കുന്നതിനുള്ള നടപടികളെടുക്കാൻ ഡിപ്പാർട്ടുമെൻറിനു് നിർദ്ദേശം കൊടുത്തിട്ടുണ്ടു്. ഈ സംഗതിയിൽ ഇനിയും വിഷമം തുടർന്നു പോകാൻ ഇടയുണ്ടെന്നുള്ളതു് ഇപ്പോഴെ പറയാൻ കഴിയും. ഈ ആണ്ടത്തെ ഗ്രഡേഷൻ കമ്മിറ്റിയെ നിശ്ചയിച്ചുകഴിഞ്ഞു. ആ കമ്മിറ്റിയിൽ ഗ്രന്ഥശാലാ സംഘത്തിൻറെ ആളുകളും, ഈ നിയമസഭയിലെ അംഗങ്ങളും കൂടിയുണ്ടു്. ആ കമ്മിറ്റിയിൽ നിന്നുള്ള റിപ്പോർട്ട ഡിസംബർ അവസാനത്തിനുമുമ്പു് ഡിപ്പാർട്ടുമെൻറിൽ കൊടുക്കണമെന്നു് ഏർപ്പാടു ചെയ്തിരുന്നു. എന്നിട്ടു് ഇതേവരെ കൊടുത്തി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ആർ. ശങ്കർ]

ട്ടില്ല. ഒരു മാസം കൂടി കഴിഞ്ഞു. ഇനി ഫെബ്രുവരി അവസാനമാകുമ്പോഴോ, മാർച്ച് പകുതിയാകുമ്പോഴോ റിപ്പോർട്ട് കൊടുത്തതിനുശേഷം ഈ ആണ്ടിൽ പണം കൊടുക്കാൻ നിവൃത്തിയില്ലാത്ത സ്ഥിതി ഉണ്ടാക്കി അഡ്ജോൺമെന്റ് മോഷനും മറ്റും 61-ം ഒക്കെ കൊണ്ടുവരുന്നതുകൊണ്ട് ഫലമില്ല. യഥാർത്ഥത്തിൽ ഈ സംഗതിയിൽ സമയത്തുതന്നെ വേണ്ടതു പ്രവർത്തിക്കണമെന്ന് ഗവണ്മെന്റു വിചാരിച്ചപ്പോഴാ അതിനു തടസ്സമായി നിൽക്കുന്നതു് അനുദ്യോഗസ്ഥ ഗ്രൂപ്പേഷൻ കമ്മിറ്റിയാണെന്നു പറയേണ്ടിവന്നതിൽ ഖേദമുണ്ടു്. നേരെമറിച്ചു് ഡിപ്പാർട്ടുമെന്റിനെക്കൊണ്ടു് ചെയ്യിക്കാനുള്ളതാണെങ്കിൽ ഇന്ന ദിവസത്തിനകം ചെയ്യണമെന്നു് കർശനമായി നിർദ്ദേശം കൊടുത്തു് നടപ്പിൽ വരുത്താൻ കഴിയും. ഈ ആണ്ടത്തെ ലക്ഷണം കണ്ടിട്ടു് സാധിക്കാത്ത സാഹചര്യം ഉണ്ടാകുമെന്നാണു് തോന്നുന്നതു്. പണം സ്ക്കാരിൽ നിന്നും കൊടുക്കാൻ ചില വ്യവസ്ഥകളുണ്ടു്. ആഡിറ്റു് സംബന്ധിച്ചും മറ്റുമുള്ള വ്യവസ്ഥകളും പരിപാലിക്കാതെ ഗവണ്മെന്റിനു് ഒരു പൈസപോലും കൊടുക്കാൻ നിവൃത്തിയില്ല. 100 രൂപ ഗ്രാന്റു മാത്രമേ കൊടുക്കുന്നുള്ളു എന്നു് ഇവിടെ വളരെ നിസ്സാരമായി പറയുന്നതുകേട്ട. 100 രൂപയല്ല ഒരു പൈസ കൊടുക്കണമെങ്കിലും ഗൗരവം അനുശാസിക്കുന്ന നിയമങ്ങളൊക്കെ അനുസരിച്ചേ മതിയാവൂ. അതുകൊണ്ടാണു് കാലതാമസം വരുന്നതു്. അതു് ഒഴിവാക്കുന്നതിനു് എല്ലാവരും കഴിവുള്ളത്ര ഗവണ്മെന്റിനോടു് സഹകരിച്ചു പ്രവർത്തിക്കണമെന്ന മാത്രമേ എനിക്കു പറയാനുള്ള. 62–63-നെ സംബന്ധിച്ചിടത്തോളം തുച്ഛമായ സംഖ്യമാത്രമേ വിതരണം ചെയ്യേണ്ടതായി ബാക്കിയുള്ള.

DEBATES ON THE GOVERNOR'S ADDRESS (*Contd.*)

Mr. Speaker ; I call upon the Chief Minister to make his reply to the points raised during the discussion on the Governor's address.

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) : സർ, ഇന്നലെ ഇവിടെ വളരെ ചൂടുപിടിച്ച ഒരു രംഗമാണു് ഉണ്ടായിരുന്നതു്. ആ ചൂടു് കൃത്രിമമായി ഉണ്ടാക്കിയതായിരുന്നു എന്നു തോന്നുന്നു. ഇത്തവണത്തെ ഗവർണ്ണരുടെ സ്പീച്ചിനെ സംബന്ധിച്ചുള്ള വിമർശനത്തിലെ പ്രധാനമായ ഒരു സംഭവം ആവശ്യമില്ലാതെ ഉണ്ടാക്കിയ ചില ആരോപണങ്ങളെ ആസ്പദമാക്കി പറഞ്ഞതൊഴിച്ചാൽ പിന്നെ വളരെയൊന്നും ഗവർണ്ണരുടെ സ്പീച്ചിനെപ്പറ്റിയുള്ള വിമർശനത്തിൽ ഉണ്ടായിരുന്നില്ല എന്നുള്ളതാണു്. അങ്ങിങ്ങു ചിലരൊക്കെ ചിലതു് സ്പർശിച്ചു പറഞ്ഞു. അതു് സാധാരണ പറയുന്ന കാര്യങ്ങളാണു്. അതിനകത്തു് പൊളിറ്റിക്കൽ സ്റ്റേറ്റുമെന്റു് ഇല്ല. അതിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളും വസ്തുനിഷ്ഠവുമല്ല. പിന്നെ ബാക്കിയുള്ളതു് പല രംഗങ്ങളിലും ഗവണ്മെന്റിന്റെ പ്രവർത്തനം പരാജയപ്പെട്ടു പോയിട്ടുണ്ടെന്നുള്ളതാണു്. സർ, ആഭ്യന്തരമന്ത്രിയുടെ പേരിൽ ഉന്നയിച്ച ആരോപണങ്ങളും അദ്ദേഹം ഇന്നലെ മറുപടി പറഞ്ഞ സ്ഥിതിക്കു് അതേപ്പറ്റി എന്തെങ്കിലും പറയണമെന്നു് എനിക്കാഗ്രഹമില്ല. എന്നാൽ വേറെ രണ്ടു മന്ത്രിമാരെക്കൂടി പറ്റുമെങ്കിൽ ഒന്നു പിടിച്ചുനോക്കാമെന്നു കരുതി ഒരു ചെറിയ ശ്രമം ചെയ്തിട്ടുണ്ടു്. ഇതിനുമുമ്പു് പലതവണ പിടിക്കപ്പെട്ട ആളുകളാണു് അവർ. അതൊക്കെ അത്ഥശൂന്യമായിരുന്നു എന്നു കാണത്തക്ക എല്ലാ സാഹചര്യവും ഉണ്ടായതിനുശേഷവും അതുതന്നെ വീണ്ടും ഉന്നയിക്കുമെന്നു് ആരും വിചാരിച്ചതല്ല. എന്നാൽ ചീഫ് മിനിസ്റ്റരും, വ്യവസായമന്ത്രിയും ആരോപണങ്ങൾക്കു് വിധേയരാണു്; എന്നു് അതു തീർന്നിട്ടില്ലാത്ത മട്ടിൽ ചില വിവരങ്ങളും ഇവിടെ പറയുകയുണ്ടായി. സർ, ഇതു സംബന്ധിച്ചു നടന്ന കാര്യങ്ങളും എല്ലാവർക്കും അറിയാം. ഞങ്ങളും അതേപ്പറ്റി ഇവിടെ സംസാരിച്ചിട്ടുണ്ടു്. അതിനുശേഷം ഉണ്ടായതു് ആ കാര്യം ഇൻഡ്യൻ പ്രധാനമന്ത്രിയിലു് പോയി എന്നുള്ളതാണു്. പ്രധാനമന്ത്രിയുടെ മുമ്പിൽ ഇക്കാര്യം ഉന്നയിക്കപ്പെട്ടതിനുശേഷം, അദ്ദേഹം ഇതുസംബന്ധിച്ചു് എന്തെങ്കിലും തെളിവു് ഹാജരാക്കാൻ

LIBRARY ARCHIVES Kerala Legislative Assembly